# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1372

21.03.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് സംസ്ഥാനങ്ങൾ അംഗീകരിച്ച് ധാരണാ പത്രത്തിൽ ഒപ്പു വയ്ക്കുന്നതിനുള്ള അവസാന തീയതി 05.07.2008 ആയിരുന്നു. ടി സാമ്പത്തിക പാക്കേജിൽ കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കുന്ന മുറയ്ക്കും, ധാരണാപത്രം ഒപ്പുവെയ്ക്കാനുള്ള അവസാന തീയതി കഴിഞ്ഞതിനാൽ കേരളത്തിൽ പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാറിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്ന മുറയ്ക്കും കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ തരത്തിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എല്ലാം തന്നെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പൊതുവേ അംഗീകരിക്കത്തക്കതാണെങ്കിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരുമായും നബാർഡുമായും |

ധാരണാപത്രത്തിൽ ഒപ്പിടേണ്ടതാണ്.

(ബി) റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് സംവിധാനത്തെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കേരളത്തിലെ സഹകരണ ബാങ്കിംഗ് രംഗത്തെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

1) റിസർവ് ബാങ്കിന്റെ ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്ന വ്യവസ്ഥയും "ബാങ്ക്" എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചു കൂടാ എന്ന വ്യവസ്ഥയും.

2) മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് പ്രവർത്തന പരിമിതിയുള്ള സഹകരണ ബാങ്കുകൾക്ക് കൂടി ബാധകമാക്കി സഹകരണ സ്ഥാപനങ്ങളുടെ എല്ലാത്തരം പ്രവർത്തനങ്ങളും വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുന്ന വ്യവസ്ഥകൾ

3) സാമ്പത്തിക വിഷയങ്ങളിൽ സംസ്ഥാന സർക്കാറിന്റെ/രജിസ്ട്രാറുടെ നിയന്ത്രണ ഉത്തരവുകൾ നൽകാനുള്ള അധികാരം ഇല്ലാതാക്കാനുള്ള വ്യവസ്ഥ

4) സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതിയെ പിരിച്ചു വിടാനുള്ള സംസ്ഥാന സർക്കാറിന്റെ/രജിസ്ട്രാറുടെ അധികാരങ്ങൾ പരിമിതപ്പെടുത്താനുള്ള വ്യവസ്ഥ.

5) പൊതുവിതരണം, രാസവള വിൽപ്പന, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം, വിപണനം എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരോ സഹകരണ സംഘങ്ങളുടെ രജിസ്ട്രാറോ വായ്പ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകാനുള്ള അധികാരം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ.

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കിയാൽ സംസ്ഥാന സഹകരണ മേഖലയിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ദൂരീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാവുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും കേന്ദ്ര ധനമന്ത്രിയുമായി സംസ്ഥാന സഹകരണ മന്ത്രി ചർച്ച നടത്തുകയും ചെയ്തു. കേരളത്തിന്റെ പ്രശ്നങ്ങൾ പരിശോധിച്ച് പാക്കേജ് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരും നബാർഡും കേന്ദ്ര സർക്കാരുമായി ധാരണാ പത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുമുണ്ടായി.

(ഡി) ലോക ബാങ്ക് സഹായം സംസ്ഥാനങ്ങൾക്ക് ലഭിക്കണമെങ്കിൽ ലോകബാങ്ക് നിർദ്ദേശിച്ചതും വൈദ്യനാഥൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതുമായ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്;

(ഡി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലോ, വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തയ്യാറാക്കിയ സാമ്പത്തിക പാക്കേജിലോ ഇതിന്റെ അടിസ്ഥാനത്തിൽ ഒപ്പിടേണ്ട ധാരണാ പത്രത്തിലോ ലോക ബാങ്ക് നിർദ്ദേശത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

(ഇ) ലോക ബാങ്കിന്റെ താല്പര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ?

(ഇ) പരിശോധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ